## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 789 — 17.07.2014 -ൽ മറുപടിയ്ക്ക്

### വരൾച്ചാ പ്രതിരോധ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. എളമരം കരീം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.റ്റി.എ.റഹീം | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച വരൾച്ചാ പ്രതിരോധ പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) മുൻ വർഷത്തെ ബജറ്റിൽ വരൾച്ചാ പ്രതിരോധ പദ്ധതിയൊന്നും പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ 2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വരൾച്ചാ പ്രതിരോധ പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി 400 കോടി രൂപയുടെ 700 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 106.60 കോടി രൂപയ്ക്കുള്ള 183 ചെക്ക്ഡാമുകൾ നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ; | (ബി) 19/03/2013 ലും 29/04/2013 ലും ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയിരുന്നു. |
| (സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ ? | (സി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത ചെക്ക് ഡാമുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. പദ്ധതി പ്രകാരം |

ഏറ്റെടുത്ത ചെക്ക് ഡാമുകളൊന്നും പൂർത്തീകരിച്ചിരുന്നില്ല. അതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്